ശ്രീ. ടി. കെ. നാരായണപിള്ള : ആ വിവരം എന്റെ മറുപടിയിൽത്ത ന്നെ പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു : ബാലൻ ബുക് ഡിപ്പോയിൽനിന്നുമാത്രം ഉൽ പ്പുസ്തകങ്ങൾ സ്വീകരിക്കാനുണ്ടായ കാരണം എന്താണെന്നു പറയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ബാലൻ ഡിപ്പോയിൽനിന്നു മാത്രമല്ല, വേറെ പലരുടേയും പുസ്തകങ്ങൾ വന്നിട്ടുണ്ട്; സ്വീകരിച്ചിട്ടുമുണ്ട്.

ശ്രീ. കെ. എ. മാത്യു : ശ്രീ. മാത്യു എം. കുഴിവേലി ടെക്സ്റ്റ്ബുക്ക് കമ്മിറ്റി മെമ്പർ ആയിരുന്നുവോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അല്ല.

ശ്രീ. കെ. എ. മാത്യു : പിന്നെ അദ്ദേഹത്തിന്റെ ജോലി എന്തായിരുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള : കമ്മിറ്റിയുടെ ജോലിനിർവ്വഹണത്തി നാവശ്യമുള്ള സഹായങ്ങൾ നൽകുക, ബുക്കുകൾ അച്ചടിപ്പിച്ചു വരുത്തുക, വ ന്നിട്ടുള്ള പുസ്തകങ്ങൾ അതാതു സമയത്തു മെമ്പർമാർക്കു അയച്ചുകൊടുക്കുക എന്നി ങ്ങനെയുള്ള ജോലികളാണു അദ്ദേഹത്തിനുണ്ടായിരുന്നതു്.

ശ്രീ. ഇ. കെ. മാധവൻ : അദ്ദേഹം കമ്മിറ്റിമെമ്പർ അല്ലെങ്കിലും കമ്മി റ്റിയിലെ സംഭവങ്ങളും അറിയുവാൻ അദ്ദേഹത്തിനു സൗകര്യമില്ലേ ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിനുള്ള സാദ്ധ്യത ഉണ്ടായിരിക്കാം.

Sri. P. Balakrishnan Tampi : Is not Mr. Mathew Kuzhiveli a prominent author ?

Sri. T. K. Narayana Pillai : Yes.

ശ്രീ. അലക്സാണ്ടർ വാകയിൽ : ഇപ്പോൾ അഞ്ചെട്ടുകൊല്ലമായി സർക്കാ രുടെ ഭാഗത്തുനിന്നായി അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ടെക്സ്റ്റ്ബുക്കുകളായി സ്വീകരി ച്ചിട്ടുണ്ടെന്നുള്ള വിവരം സർക്കാരിനറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : സർക്കാരിനും ആ അറിവുണ്ട്.

WOMEN STUDENTS

*154. [15] **K. A. Mathew:** Will the Hon'ble Minister for Education be pleased to state :

(a) the number of women student's in the Junior B. A. and Senior B. A Classes of the University College who have taken philosophy as their optional subjects ;

(b) the number of women students in the Junior B. A. Class of the Women's College, Trivandrum who have taken Indian music as their optional subjects this Year ; and

(c) the reasons for not opening Philosophy class for the newly started B. A. course in the Women's College?

Chief Minister **(Sri. T. K. Narayana Pillai):**

(a) 10 in the junior and 11 in the senior group.

(b) 6 in the Junior B.A. class.

(c) The University considers that priority should be given to subjects like botany, zoology and history in which women students predominate in the University College.

ശ്രീ. കെ. എ. മാത്യു : ഇൻഡ്യൻ മ്യൂസിക്കിനു് വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവായിട്ടിരിക്കുന്നതുകൊണ്ടു കൂടുതൽ വിദ്യാർത്ഥികൾ വരുമെന്നു പ്രതീ ക്ഷിക്കപ്പെടുന്ന ഫിലോസഫി ക്ലാസിനു് അനുവാദം കൊടുക്കാതിരുന്നതിനു കാര ണമെന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള : സംഗീതകലാഭ്യസനത്തിനു് സാധാരണയായി സ്ത്രീകൾക്കു കൂടുതൽ അഭിരുചികാണുമെന്നുള്ളതുകൊണ്ടാണു്.

ശ്രീ. കെ. എ. മാത്യു : കൂടുതൽ കുട്ടികളുള്ള ഫിലോസഫിക്കു് ക്ലാസ്സു് ഇല്ലെങ്കിലോ എന്നു നിശ്ചയിച്ചതിന്റെ കാരണമാണു ഞാൻ ചോദിച്ചതു്.

ശ്രീ. ടി. കെ. നാരായണപിള്ള : അതു സിൻഡിക്കേറ്റിന്റെ അഭിപ്രായമാണു്. കൂടുതൽ വിദ്യാർത്ഥികൾ സംഗീതം പഠിക്കുന്നതിനായിരിക്കും ആഗ്രഹിക്കുന്നതെന്നു അവർ കരുതുന്നു.

Sri. P. Balakrishnan Tampi: Is not music a better equipment than philosophy for their future partners? (Laughter)

Sri. T. K. Narayana Pillai: Exactly.

Sri. A. Thanu Pillai: Does the University of the Government realise that so far as women are concerned, at least equal facilities should be given for the study of humanities as for the study of the sciences?

Sri. T. K. Narayana Pillai: Yes; that was the opinion of the University also.

Sri. A. Thanu Pillai: So, will the Government take the earliest opportunity to introduce philosophy also in the Women's College?

Sri. T. K. Narayana Pillai: Government will certainly communicate with the University on the matter.

പിന്നോക്കസമുദായത്തിലെ ഹരിജൻ ക്രൈസ്തവർ

*൧൪൪. (൧൯) ശ്രീ. കെ. എ. മാത്യു : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പിന്നോക്ക സമുദായത്തിൽപെട്ട ക്രൈസ്തവ വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കു് ഫീസു് സൗജന്യം അടുത്ത പത്തു വർഷക്കാലത്തേക്കു് അനുവദിച്ചിരിക്കുന്നതായി തീരുമാനിച്ചതു എപ്പോഴാണു് ?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) : ൧൯൫൯ നവംബർ മാസത്തിൽ.

ശ്രീ. കെ. എ. മാത്യു : ആ ഉത്തരവു ഇതുവരെ നടപ്പിൽ വന്നിട്ടില്ലെന്നുള്ള വിവരം ഗവൺമെന്റിനറിയാമോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : നടപ്പിൽ വന്നിട്ടുണ്ടു്. പക്ഷേ നടപ്പിൽവരുത്താൻ അല്പം കാലതാമസം നേരിട്ടുവെന്നേയുള്ളു.

ശ്രീ. കെ. എ. മാത്യു : ഇതു നടപ്പിൽ വരാതിരുന്നതുകൊണ്ടു അനേകം കുട്ടികളെ സ്കൂളിൽനിന്നും പിരിച്ചുവിട്ടിട്ടുള്ളതായി അറിയാമോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അങ്ങനെ പരാതി വന്നിട്ടുണ്ടു്. ഗവൺമെന്റു ഈ തീരുമാനം എടുത്തതിനുശേഷം അവശക്രൈസ്തവരുടെ വിവരങ്ങളടങ്ങിയ ഒരു ലിസ്റ്റു് തരുവാൻ അവശസമുദായസംരക്ഷകനോടാവശ്യപ്പെട്ടു. ആ ലിസ്റ്റു് വരുവാൻ കുറച്ചു കാലതാമസമുണ്ടായി. ഇപ്പോൾ ആ ലിസ്റ്റു് ലഭിക്കുകയും, ഉടൻതന്നെ ഇതുസംബന്ധിച്ചു സകല പരാതികളും അവസാനിപ്പിക്കത്തക്കവിധം നടപടികൾ നടത്തുകയും ചെയ്തിട്ടുണ്ടു്.

സാഹിബ് ബഹദൂർ മുഹമ്മദ് മസ്താൻ : സാമ്പത്തികാവശതയുള്ള മുസ്ലീം വിദ്യാർത്ഥികൾക്കുകൂടി ഈ സൗജന്യം അനുവദിച്ചുകൊടുക്കുമോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അങ്ങനെ അപേക്ഷ വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly